# കേരള വർമ്മ

# ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

## എറിയാട്



# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# ആമുഖം

ഒരു നാടിന്റെ സാംസ്കാരിക വളർച്ച ആ നാടിന്റെ വിദ്യാലയ വുമായി വളരെയധികം ബന്ധപ്പെട്ടു കിടക്കുന്നതാണ്. എല്ലാ വർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുന്നതിലൂടെ സമൂ ഹത്തിന്റെ ഉയർച്ച വളരെ പെട്ടെന്ന് ലക്ഷ്യത്തിൽ എത്തിച്ചേരുന്ന താണ്. അക്കാദമിക മികവുകൾക്കായി വിവിധയിനം പ്രവർത്തന ങ്ങൾ നടത്തുന്നതിലൂടെ ഓരോ കുട്ടിയേയും ഉയർത്തിക്കൊണ്ടുവ രാൻ സാധിക്കുന്നു. ആയതിനാൽ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രനവർത്തനങ്ങളായിരിക്കണം തയ്യാ റാക്കേണ്ടത്. മൂല്യാധിഷ്ഠിതമായ പ്രവർത്തനങ്ങൾ ഒരുക്കുന്നതി ലൂടെ നാളത്തെ സമൂഹത്തെ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കു ന്നതാണ്. എല്ലാ കുട്ടികളുടെയും എല്ലാ കഴിവുകളും അതിന്റെ പൂർണ്ണതിയിലേക്ക് എത്താൻ സഹായിക്കുന്ന വിധമായിരിക്കണം. എന്നാൽ കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠന നേട്ടങ്ങളും അതിന്റെ പൂർണ്ണതയിൽ കുട്ടികൾ ആർജ്ജിക്കുകയും വേണം. പര സ്പരം സഹായിക്കാനും സൗഹൃദ മനോഭാവം വളർത്തിയെടു ക്കാൻ സാധിക്കുന്ന രീതിയിലുള്ള അന്തരീക്ഷം നാം വിദ്യാലയ ത്തിൽ ഉണ്ടാക്കിയെടുക്കണം. കുട്ടികളുടെ ക്രിയാത്മക ശേഷി യും, ചിന്താശേഷിയും വളർത്തിയെടുക്കാൻ ഉതകുന്ന രീതിയി ലുള്ള പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാനുള്ള സാഹചര്യം ഉണ്ടാ ക്കുകയും വേണം.

## വിദ്യാലയത്തിന്റെ സ്ഥാനം, ഫീഡിംഗ് ഏരിയ

തൃശൂർജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്കിൽ എറിയാട് പഞ്ചായത്തിലാണ് ഗവൺമെന്റ് കേരളവർമ്മ ഹയർ സെക്കന്ററി സ്കൂൾ സ്ഥിതി ചെയ്യുന്നത്.

തീരപ്രദേശങ്ങളായ കാര, അഴീക്കോട്, എറിയാട് തുടങ്ങിയ ഭാഗങ്ങളും, എടിവിലങ്ങ് പഞ്ചായത്തിന്റെ അതിർത്തി പ്രദേശമായ കുഞ്ഞയിനി, മേത്തല പഞ്ചായത്തിന്റെ ചില പ്രദേശങ്ങൾ, കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റിയിലെ ചില പ്രദേശങ്ങൾ ഇവയാണ് കേരളവർമ്മ സ്കൂളിന്റെ പ്രധാന ഫീഡിംഗ് ഏരിയകൾ.

ഈ വിദ്യാലയത്തിന്റെ ഫീഡിംഗ് സ്കൂളുകൾ ജി.എൽ.പി.എസ് എറിയാട്, AMIUPS എറിയാട്, GUPS അഴീക്കോട്, BBUPS മേത്തല, സെന്റ് ആൽബന കാര, ശിശു വിദ്യാപോഷിണ് ഇവയാണ്.

## വിദ്യാലയത്തിന്റെ ചരിത്രം:

കൊടുങ്ങല്ലൂർ താലൂക്കിലെ എറിയാട് ഗ്രാമത്തിൽ, മാടവന എന്ന സ്ഥലത്താണ് ഗവ:കേരളവർമ്മ സ്ക്കൂൾ സ്ഥിതി ചെയ്യു ന്നത്. 1912ൽ സ്ഥാപിക്കപ്പെട്ട ഈ വിദ്യാലയം കൊടുങ്ങല്ലൂർ നഗരത്തിൽ നിന്ന് ഏകദേശം 6 കി.മീ. പടിഞ്ഞാറാണ്. ആദ്യം സ്വകാര്യ മേഖലയിൽ ആരംഭിക്കുകയും പിന്നീട് സർക്കാരിന് സമർപ്പിക്കുകയും ചെയ്ത ഈ വിദ്യാലയം ശ്രീ മണപ്പാട്ട് കുഞ്ഞു മുഹമ്മദ് ഹാജി ആണ് സ്ഥാപിച്ചത്. സ്കൂളിന് ആവശ്യമായ കെട്ടിടങ്ങൾ സ്വന്തം ചെലവിലാണ് അദ്ദേഹം സ്ഥാപിച്ചത്. പ്രദേശ ത്തെ മുഴുവൻ വീടുകളിലും കയറിയിറങ്ങി കുട്ടികളെ സ്കൂളി ലയക്കാൻ രക്ഷിതാക്കളെ പ്രോത്സാഹിപ്പിച്ചു. യാഥാസ്ഥിതികരായ മുസ്ലീംകളുടെ ശക്തമായ എതിർപ്പുണ്ടായിട്ടും തന്റെ സമ്പത്തും ധൈര്യവും നിശ്ചയദാർഢ്യവും കൊണ്ട് അതെല്ലാം പരാജയപ്പെ ടുത്തി സ്കൂകൂളിന്റെ പുരോഗതിയിലേക്ക് നയിച്ചു. അന്ന് അധ്യാപ കർക്ക് ശമ്പളം സ്ക്കൂളുടമസ്ഥൻ കൊടുക്കുമായിരുന്നു. ഫീസു പിരിക്കാൻ സർക്കാർ അനുവദിച്ചുവെങ്കിലും നമ്മുടെ പ്രദേശത്തെ ദാരിദ്ര്യാവസ്ഥ കാരണം സ്വന്തം പോക്കറ്റിൽ നിന്നും പണമെടു ത്താണ് വിദ്യാർത്ഥികളുടെ ഫീസ് കൊടുത്തിരുന്നത്. അത് മൂലം ദരിദ്രരരായ പലർക്കും വിദ്യാഭ്യാസം നൽകാൻ കഴിഞ്ഞു, 1923 ൽ ഇത് യു.പി. സ്കൂളാക്കി മാറ്റി. ഉച്ചഭക്ഷണ പദ്ധതിയെന്ന ഇന്നത്തെ ഗവൺമെന്റ് പദ്ധതി തുടങ്ങുന്നതിന് മുമ്പ് സ്ഥാപകന്റെ സ്വന്തം വീട്ടിൽ കുട്ടികൾക്ക് സൗജന്യമായി ഉച്ചഭക്ഷണം നൽകി. ഒരു നേരമെങ്കിലും വയർ നിറച്ചുണ്ണുവാൻ വേണ്ടി സ്ക്കൂളിൽ വരാൻ കുട്ടികൾ പ്രചോദിതരായി. ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ

സ്ക്കൂൾ ഇരിക്കുന്ന സ്ഥലവും കെട്ടിടങ്ങളും ഫർണീച്ചറുകളും അധ്യാപകർക്കും മറ്റ് അനധ്യാപക ജീവനക്കാർക്കും ശമ്പളം സർക്കാർ കൊടുക്കണമെന്ന് ഒറ്റ വ്യവസ്ഥയിൽ സർക്കാരിന് വിട്ടു കൊടുക്കുകയാണ് ഉണ്ടായത്. സമൂഹത്തിൽ ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേരുവാൻ കഴിഞ്ഞ ബഹുമാന്യരായ പല വ്യക്തികൾക്കും പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചത് ഈ സ്ക്കൂളിൽ നിന്നാണ്.

ഈ സ്ക്കൂൾ സർക്കാരിന് വിട്ടുകൊടുത്തെങ്കിലും അതിന്റെ സ്ഥാപകനായ ശ്രീ മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി അതിന്റെ അനൗദ്യോഗിക രക്ഷാകർത്താവായിരുന്നു. ഈ സ്കൂൾ ഹൈസ്ക്കൂൾ ആക്കി ഉയർത്തുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചതും അദ്ദേഹ മാണ്. അന്ന് കൊച്ചി മഹാരാജാവായിരുന്ന കേരളവർമ തമ്പു രാന്റെ പുത്രൻ ശ്രീ. ഐ.എൻ. മേനോൻ വിദ്യാഭ്യാസ ഡയറക്ടർ ആയിരുന്നു. അദ്ദേഹം യ.പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് അദ്ദേ ഹത്തിന്റെ പിതാവും മഹാരാജാവുമായിരുന്ന കേരളവർമ്മ രാജാ വിന്റെ നാമധേയം നൽകി. തന്റെ പിതാവിന്റെ നാമധേയത്തിൽ ഹൈസ്ക്കൂൾ ആരംഭിക്കുവാനുള്ള അസുലഭ സന്ദർഭം അദ്ദേഹം ഉപയോഗപ്പെടുത്തി. അങ്ങനെയാണ് മണപ്പാട്ട് കുഞ്ഞിമുഹമ്മദ് ഹാജി സ്ഥാപിച്ച സ്കൂൾ കേരളവർമ്മ ഹൈസ്ക്കൂളായി അറിയ പ്പെട്ടത്.

സ്കൂളിന്റെ 50-ാം വാർഷികാഘോഷത്തിനായി പി.കെ. എം. ഹബീബ് ചെയർമാനായി രൂപീകരിച്ച കമ്മറ്റി വി.കെ.രാജന്റെ സഹായത്തോടെ അന്നത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന പി.ജെ. ജോസഫിനെ സമീപിച്ച് ഹൈസ്ക്കൂൾ ഹയർ സെക്കന്ററിയായി ഉയർത്തി.

## മുൻകാല പദ്ധതികൾ – വിലയിരുത്തൽ

സ്ക്കൂളിന്റെ ആദ്യകാല പദ്ധതികളിൽ ഏറ്റവും പ്രധാന പ്പെട്ടത് സൗജന്യ ഉച്ചഭക്ഷണ വിതരണ പദ്ധതിയായിരുന്നു. ഇത് ഇന്നും തുടർന്നുപോരുന്നു. പ്രദേശത്തെ തീർത്തും സാധാരണ ക്കാരായ ഒരുപാട് കുട്ടികളെ വിദ്യാലയത്തിലേക്കാകർഷിക്കാൻ ഇതുമൂലം കഴിഞ്ഞു

പഠനരംഗത്ത് മികവു പുലർത്തുന്ന വിദ്യാർത്ഥികൾക്ക് മണ പ്പാട് കുഞ്ഞുമുഹമ്മദ് ഹാജിയുടെ സ്മരണാർത്ഥം പേരമകനായ അമീർ അഹമ്മദ് നൽകി വരുന്ന എൻഡോവ്മെന്റ് കുട്ടികൾക്ക് ഏറെ പ്രോത്സാഹനജനകമാണ്. കായികരംഗത്ത് നല്ല നിലവാരം പുലർത്തുന്നവർക്ക് ശ്രീ ഉമേഷ് ചള്ളിയിൽ നൽകി വരുന്ന എൻഡോവ്മെന്റ് കുട്ടികളിൽ ഉത്സാഹമുണർത്തുന്നു.

SSA യുടെ സഹായത്തോടെ പുതിയ കെട്ടിടം നിർമിക്കാൻ സാധിച്ചു. SSA നൽകി വരുന്ന പഠനോപകരണ ഗ്രാന്റും, ലൈബ്രറി ഗ്രാൻകും വളരെ പ്രയോജനപ്രദമാണ്. SSA നൽകി വരുന്ന ടീച്ചേഴ്സ് ഗ്രാന്റ് അധ്യാപകർക്ക് ആവശ്യമായ റഫറൻസ് പുസ് തകങ്ങൾ വാങ്ങാൻ വളരെയധികം സഹായകമായിട്ടുണ്ട്.

വിദ്യാലയത്തിന്റെ വികസന പ്രവർത്തനങ്ങളിൽ PTA യും ശ്രദ്ധേയമായ പങ്കുവഹിക്കുന്നുണ്ട്. പാഠ്യേതര പ്രവർത്തനങ്ങളിൽ CPTA MATA PTA തുടങ്ങിയവയുടെ ഇടപെടലുകൾ വളരെ സഹായകമാണ്. പത്താംക്ലാസ്സിന്റെ വിജയശതമാനം വർദ്ധിപ്പി

ക്കുന്നതിന് മേൽപ്പറഞ്ഞ സംഘടനകളിലെ അംഗങ്ങൾ, ആവശ്യപ്പെടുന്ന സമയങ്ങളിൽ വിദ്യാലയത്തിൽ കൃത്യമായി എത്തിച്ചേരുകയും വേണ്ട സഹായങ്ങൾ എത്തിച്ചു തരികയും ചെയ്യുന്ന പത്താം തരത്തിനായി 5.30 വരെ നടത്തുന്ന പ്രത്യേക ക്ലാസ്സുകളിൽ MPIA എത്തിക്കുന്ന സഹായം ഏറെ പ്രയോജനകരമാണ്.

2022 മെയ് മാസത്തിൽ കിഫ്ബി ഫണ്ടും എം.എൽ.എ ഫണ്ടും ഉപയോഗിച്ച് പണിത പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ചെയ്തു. 2023ൽ പ്ലാനിംഗ് ഫണ്ട് ഉപയോഗിച്ച് പുതിയ ഹാളിന്റെ നിർമ്മാണം ആരംഭിച്ചു.

# പൊതുവിദ്യാഭ്യാസത്തിന്റെ പ്രസക്തി

ഒരു നാടിന്റെ സാംസ്കാരിക വളർച്ച ആ നാടിന്റെ വിദ്യാലയവുമായി വളവരെയധികം ബന്ധപ്പെട്ട് കിടുക്കുന്നതാണ്. എല്ലാവർക്കും ഗുണമേൻമയുള്ള വിദ്യാഭ്യാസം ലഭിക്കുന്നതിലുടെ സമൂഹത്തിന്റെ ഉയർച്ച വളരെ പെട്ടെന്ന് ലക്ഷ്യത്തിൽ എത്തിചേരുന്നതാണ്. അക്കാദമിക മികവുകൾക്കായി വിവിധയിനം പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ ഓരോ കുട്ടിയേയും ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുന്നു. ആയതിനാൽ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളായിരിക്കണം തയ്യാറാക്കേണ്ടത്. മൂല്യാധിഷ്ഠിതമായ പ്രവർത്തനങ്ങൾ ഒരുക്കുന്നതിലൂടെ നാളത്തെ സമൂഹത്തെ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുന്നതാണ്. എല്ലാ കുട്ടികളുടേയും എല്ലാ കഴിവുകളും അതിന്റെ പൂർണ്ണതയിലേക്ക് എത്താൻ സഹായിക്കുന്ന വിധമായിരിക്കണം. എന്നാൽ കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠന നേട്ടങ്ങളും അതിന്റെ പൂർണ്ണതയിൽ കുട്ടികൾ ആർജ്ജിക്കുകയും വേണം. പരസ്പരം സഹായിക്കാനും സൗഹൃദ മനോഭാവം വളർത്തിയെടുക്കാനും സാധിക്കുന്ന രീതിയിലുള്ള അന്തരീക്ഷം നാം വിദ്യാലയത്തിൽ ഉണ്ടാക്കിയെടുക്കണം. കുട്ടികളുടെ ക്രിയാത്മക ശേഷിയും ചിന്താശേഷിയും വളർത്തിയെടുക്കാൻ ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കാനുള്ള സാഹചര്യം ഉണ്ടാകുകയും വേണം.

# ലക്ഷ്യങ്ങൾ

സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കുന്നതിനായി പഠന - പഠനാനുബന്ധ - പഠനേതര പ്രവർത്തനങ്ങളെ ശരിയായ രീതിയിൽ എല്ലാവരുടേയും പങ്കാളിത്തത്തോടെ പൂർത്തിയാക്കാനുദ്ദേശിക്കുന്ന വിവിധ കർമ്മ പദ്ധതികളാണ് മുന്നോട്ട് വയ്ക്കുന്നത്.

- ❖ ഓരോ ക്ലാസിലെ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക.
- ❖ അക്കാദമിക മികവുകൾ ഉയർത്തിക്കൊണ്ടുവരിക.
- ❖ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
- ❖ ഓരോ കുട്ടിയേയും മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം നൽകി സമൂഹത്തിന് ഉപകാരപ്പെടുന്ന വ്യക്തിത്വങ്ങളാക്കി ഉയർത്തിക്കൊണ്ടുവരിക.
- ❖ പഠന - പഠനേതര കഴിവുകൾ അതിന്റെ പൂർണ്ണതയിൽ കുട്ടികൾ ആർജ്ജിച്ചെടുക്കുക.
- ❖ കലാ കായിക പ്രവൃത്തിപരിചയ മികവ് ഉറപ്പ് വരുത്തുന്നതിനാവശ്യമായ ഭൗതീക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- ❖ പഠനത്തിൽ പിന്നോക്കക്കാർക്ക് ആവശ്യമായ സഹായം നൽകി ഉയർത്തിക്കൊണ്ടുവരാൻ വേണ്ട സഹായം നൽകുന്നു.
- ❖ മൂല്യാധിഷഠിത വിദ്യാഭ്യാസം നൽകുക.
- ❖ ലഹരിയുടെ വിപണനത്തെക്കുറിച്ച് ബോധവാന്മാരാക്കുക.
- ❖ സാമൂഹ്യ പ്രതിബന്ധതയുള്ള പൗരന്മാരാക്കി മാറ്റിയെടുക്കാനുള്ള നിർദ്ദേശങ്ങൾ നൽകുക.
- ❖ പഠനത്തോടൊപ്പം പഠനേതര പ്രവർത്തനങ്ങളിൽ ഉയർത്തിക്കൊണ്ടുവരിക.

# കുട്ടികളുടെ എണ്ണം

2025 - 2026 അക്കാദമിക വർഷത്തെ ആകെ കുട്ടികളുടെ എണ്ണം 1081 ആണ്. ഇതിൽ 609 ആൺകുട്ടികളും 472 പെൺകുട്ടികളുമാണ് ഉള്ളത്.

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

# മലയാളം

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

## മലയാളം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രവർത്തന ലക്ഷ്യങ്ങൾ | ചുമതല | ഗുണഭോക്താക്കൾ | കാലയളവ് | പ്രവർത്തനങ്ങൾ | പ്രവർത്തനോപാധികൾ | മൂല്യനിർണ്ണയം | സാമ്പത്തികം |
|---|---|---|---|---|---|---|---|---|---|
| 1 | ആർജിത സിദ്ധി പരിശോധന | മുൻ പഠന പവർത്തനങ്ങളൽ നിന്നും നേടിയ ഭാഷ നൈപുണികൾ പരിശോധിക്കുന്നു | എസ്. ആർ.ജി, ഭാഷാ അധ്യാപകർ | യു.പി വിഭാഗം കുട്ടികൾ, ഹൈസ്കൂൾ കുട്ടികൾ | ജൂൺ മാസം ആദ്യത്തെ രണ്ട് ആഴ്ച | പ്രീ ടെസ്റ്റ് പഠന പിന്നോക്കാവസ്ഥ കണ്ടെത്തുന്നു | വായന പത്രങ്ങൾ ചുവർപത്രങ്ങൾ | പകർത്തിയെഴുത്ത്, വായന, പരിഹാര ബോധന ക്ലാസുകൾ കൾ | 4000 |
| 2 | മികവ് | വ്യത്യസ്ത അഭിരുചികൾ പ്രകടിപ്പിക്കുന്ന പഠിതാക്കളെ കണ്ടെത്തുന്നു | അധ്യാപകർ | യുപി വിഭാഗം കുട്ടികൾ ഹൈസ്കൂൾ കുട്ടികൾ | ജൂൺ മാസം | വിവിധ മേഖലകളിൽ സർഗ്ഗസൃഷ്ടിക്കുള്ള അവസരങ്ങൾ നൽകുന്നു | വിദഗ്ധരുടെ ശില്പശാലകൾ ചർച്ചാ ക്ലാസുകൾ | നിരന്തരം മാസാന്ത്യം പഠിതാക്കളുടെ സർഗവാസനകൾ വിലയിരുത്തുന്നു | 10,000 |
| 3 | വായിക്കാം വളരാം | വായന മാസാചാരണ പ്രവർത്തനങ്ങൾ | അധ്യാപകർ | അധ്യാപകരും കുട്ടികളും രക്ഷിതാക്കളും | ജൂൺ 19 മുതൽ ജൂലൈ 28 വരെ | ഔപചാരിക ഉദ്ഘാ ടനം പുസ്തക വായന മത്സരങ്ങൾ വായനക്കുറിപ്പുകൾ തയ്യാറാക്കൽ | സ്കൂൾ ലൈബ്രറി പ്രാദേശിക ലൈബ്രറികൾ | ആശയ ഗ്രഹണ ശേഷി മറ്റു ഭാഷകൾ എന്നിവ നേടിയോ എന്ന വിലയിരുത്തൽ | 5,000 |
| 4 | മണ്ണിനെ അറിയാം | പഠിതാക്കളിൽ കാർഷിക സംസ്കാരം വളർത്താൻ | അധ്യാപകർ | വിദ്യാർത്ഥികൾ കർഷകർ അധ്യാപകർ | ജൂൺ മാസം മുതൽ സെപ്റ്റം | കൃഷിയിടം ഒരിക്കൽ വിത്തു ശേഖരണം | കർഷകരുമായുള്ള അഭിമുഖം കൃഷി ഉദ്യോഗസ്ഥ | മികച്ച കർഷകരെ കണ്ടെത്തി അനുമോദിക്കുന്നു | 1,00,000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | മണ്ണിനെ അറിയുന്ന പ്രവർത്തനങ്ങൾ | | രക്ഷിതാക്കൾ | ബർ വരെ | പരിപാലനം വിളവെടുപ്പ് | ന്മാരുമായുള്ള സമ്പർക്കം ജൈവവള നിർമ്മാണം പൂന്തോട്ടം നിർമ്മാണം | | |
| 5 | എന്റെ നാട് | പഠിതാക്കളിൽ ചുറ്റുപാടുകളെ കുറിച്ചുള്ള സാമൂഹികവും സാംസ്കാരികവുമായ അറിവ് സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ | അധ്യാപകർ | വിദ്യാർഥികൾ അധ്യാപകർ രക്ഷിതാക്കൾ | ഒക്ടോബർ നവംബർ | ചരിത്ര പ്രധാനമായ സ്ഥലങ്ങൾ സന്ദർശിക്കൽ പുസ്തക ചർച്ചകൾ | ചരിത്രപുസ്തകങ്ങൾ മുതിർന്നവർ | മാസികകൾ ഡോക്യുമെന്ററികൾ നാടകം | 1,00,000 |
| 6 | എന്റെ സൃഷ്ടി | സർഗപരമായ മേഖലകളിൽ വ്യാപരിക്കുന്നതിന് | അധ്യാപകർ | വിദ്യാർഥികൾ അധ്യാപകർ രക്ഷിതാക്കൾ | അക്കാദമിക വർഷം | സാഹിത്യ രചനകളിൽ ഏർപ്പെടൽ കഥാകവിത നോവൽ ലേഖനം അഭിമുഖം | സംവാദ സദസ്സുകൾ, ചർച്ച വേദികൾ, പുസ്തക പ്രകാശനങ്ങൾ | മികച്ച രചനകളെ കണ്ടെത്തി പ്രചരിപ്പിക്കുന്നു | 1,00,000 |

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025-26

# സംസ്കൃതം

## അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

## സംസ്കൃതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികൾക്ക് ഭാഷാഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | വായിക്കാനും എഴുതാനുമുള്ള കുട്ടികളുടെ കഴിവുകൾ പരിശോധിക്കുകയും സഹായങ്ങൾ നൽകി പരിമിതികൾ പരിഹരിക്കാൻ വേണ്ടുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അധ്യാപിക | ജൂൺ - മാർച്ച് | |
| 2 | നിത്യോപയോഗ സാധനങ്ങളുടെ സംസ്കൃത പേരുകൾ പരിചയപ്പെടുത്തൽ | സംസ്കൃത പദങ്ങളെ പരിചയപ്പെടുത്തുന്നതിന് സഹായകരമായ പുസ്തകങ്ങൾ നൽകുന്നു. പദപയറ്റ്, നിഘണ്ടു നിർമ്മാണം നടത്തുന്നു. | അധ്യാപിക | ആഗസ്റ്റ് ഒക്ടോബർ | |
| 3 | സംസ്കൃതോത്സവത്തിലെ മത്സരങ്ങൾക്കുള്ള പരിശീലനം | കഥ, ഉപന്യാസം, കവിത രചിക്കൽ, അവതരണം. അവ ശേഖരിച്ച് പതിപ്പിക്കൽ | അധ്യാപിക | ജൂൺ സെപ്തംബർ | |
| 4 | സ്കോളർഷിപ്പ് പരിശീലനം | മോർണിംഗ്, ഈവനിംഗ് കൂടുതൽ സമയ പരിശീലനം | അധ്യാപിക | നവംബർ - ജനുവരി | |
| 5 | തദ്ദേശീയ കലാരൂപങ്ങളെ പരിചയപ്പെടുത്തൽ | തദ്ദേശിയരായ കലാകാരന്മാരെ ആദരിക്കൽ. കലകളുടെ അവതരണം. | അധ്യാപിക | ജനുവരി - ഫെബ്രുവരി | |

# ACADEMIC PLAN 2025 - 26
# ENGLISH

English language plays an essential role in our lives as it helps in communication. It is the main language for studying any subject all over the world.  English is important for students as it broadens their minds, develops emotional skills, improve the quality of life by providing job oppertunities. It is also important for personal growth and development. As children improve their English skills, they gain confidence in their abilities.

- ❖ Enhancing reading and writing proficiency.
- ❖ Fostoring critical thinking.
- ❖ Encouraging creativity.

# ACADEMIC PLAN – ENGLISH

## Area - English language learning

| S.no | Aim | Activity | Period | Assigned by | Expense |
|---|---|---|---|---|---|
| 1. | Listening. | Gives opportunities for listening stories, news. Asks them to tell stories and read news. | Once in a week June | English teachers | - |
| 2. | Speaking. | Gives a topic and asks them to speak about it. | Once in a week July | English Teachers | - |
| 3. | Reading and creativity | Recitation and news paper reading.. | Once in a week August | English teachers | - |
| 4. | Writing | Gives a topics and asks them to write stories and poems. | September | English Club | 500 |
| 5. | Vocabulary Building | Asks them to make vocabulary calendar by giving new words | Once in a week October | English teachers | 1000 |
| 6. | Comprehension | Gives unknown passages and asks them to find answers | Once in a week | English Teachers | 1000 |

| | | | | | |
|---|---|---|---|---|---|
| 7. | English film festival | Organize English film festival | November | English club | 2000 |
| 8. | Speaking and pronounciation improvements | Practices difficult sounds and words. create situation for speaking. | December | English teachers | 500 |
| 9 | Listening, Speaking, Reading and Writing | English fest and English magazine | January | English Club | 5000 |

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

# ഹിന്ദി

# അക്കാദമിക് മാസ്റ്റർപ്ലാൻ 2024 - 25

## ഹിന്ദി

**മേഖല : അക്കാദമികം**

## പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

**എട്ടാംതരം**

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം ജൂൺ ജൂലൈ |

| | | | |
|---|---|---|---|
| 2 | ആഴ്ചയുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം ഓഗസ്റ്റ് സെപ്റ്റംബർ |
| 3 | ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകു ന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുട ങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ ജനുവരി |

**ഒമ്പതാംതരം**

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം ജൂൺ ജൂലൈ |
| 2 | നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരി ചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ |

| | | | |
|---|---|---|---|
| 3 | പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആ സ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ നവംബർ |

**പത്താംതരം**

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ് തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാ റാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ ജൂലൈ |
| 2 | സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| 3 | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാന റിയുന്നു. സ്വഭാവ സവിശേഷത കളിന്മേൽ കുറിപ്പ് തയ്യാറാക്കു വാനാറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

# സാമൂഹ്യശാസ്ത്രം

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 – 26

## സാമൂഹ്യശാസ്ത്രം

മേഖലഃ അക്കാദമികം

പ്രധാന ലക്ഷ്യങ്ങൾ

- പഠിതാക്കളിൽ ചരിത്രാവബോധം, സാമൂഹ്യബോധം, സാമൂഹിക പ്രതിബദ്ധത തുടങ്ങിയവ വളർത്തുക.
- ഭരണഘടനാ മൂല്യങ്ങളെ ഉയർത്തിപിടിക്കുവാൻ പ്രാപ്തരാക്കുക.
- പൌരബോധ രൂപീകരണം നടത്തുക.
- ഭൂമിശാസ്ത്ര പ്രാധാന്യം ഉൾക്കൊണ്ട് കൊണ്ട് സുസ്ഥിരവികസന ആശയം സ്വായത്തമാക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1. ചരിത്ര ആൽബം തയ്യാറാക്കൽ | ലോക നേതാക്കൾ, സ്വാതന്ത്ര്യ സമരസേനാനികൾ, ചരിത്ര സംഭവങ്ങൾ തുടങ്ങിയവ പരിചയപ്പെടുത്തൽ | ജൂൺ-ജൂലൈ |
| 2. സിനിമാ പ്രദർശനം | ചരിത്ര പ്രാധാന്യമുള്ള സിനിമകളുടെ പ്രദർശനം സംഘടിപ്പിച്ച് റിവ്യു തയ്യാറാക്കുക | ജൂലൈ |
| 3. സാമൂഹ്യശാസ്ത്ര ലാബ് സെറ്റിംഗ് | ഭൂപടങ്ങൾ, നാണയങ്ങൾ, ഗ്ലോബുകൾ, ഡിസ്പ്ലേ ബോർഡുകൾ, മൾട്ടിമീഡിയ ഉപകരണങ്ങൾ മുതലായവ ഉൾപ്പെടുത്തികൊണ്ട് ലാബ് സജ്ജീകരിക്കുക | ആഗസ്റ്റ്-സെപ്തംബർ |
| 4. സ്ക്കൂൾ പാർലമെൻറ് | തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ സ്കൂൾ പാർലമെൻറ് രൂപീകരിക്കുക, ജനാധിപത്യ പ്രക്രിയയിൽ പങ്കാളിയാവുക | സെപ്തംബർ |
| 5. ചരിത്ര പഠനയാത്ര | ചരിത്രത്തിൻറെ ശേഷിപ്പുകൾ തേടിയുള്ള പഠനയാത്രകൾ സംഘടിപ്പിക്കുക | ഒക്ടോബർ-നവംബർ |

| | | |
|---|---|---|
| 6. ഭരണഘടനാവബോധം വളർത്തുക | ഭരണഘടനയുടെ ആമുഖം പ്രദർശിപ്പിച്ച് ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിയ്ക്കുന്നതിന് പ്രാപ്തരാക്കുക | നവംബർ-ഡിസംബർ |
| 7. സൈബർ സുരക്ഷ ബോധവൽക്കരണം | സൈബർസെൽ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുക | ജനുവരി-ഫെബ്രുവരി |
| 8. ലഹരിവിമുക്ത വിദ്യാലയം | ലഹരിപദാർത്ഥങ്ങളുടെ ഉപയോഗവും ദൂശ്യഫലങ്ങളും സംബന്ധിച്ച് ഡിബേറ്റ് സംഘടിപ്പിക്കുക | ഫെബ്രുവരി |

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

# ശാസ്ത്രം

## അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

## ശാസ്ത്രം

**മേഖല : അക്കാദമികം**

**<u>പ്രധാന ലക്ഷ്യങ്ങൾ</u>**

- പഠിതാക്കളിൽ ശാസ്ത്രാവബോധം, സാമൂഹിക പ്രതിബദ്ധത തുടങ്ങിയവ വളർത്തുക.
- ശാസ്ത്രീയമായ രീതിയിൽ കാര്യങ്ങളെ വിശകലനം ചെയ്യാൻ പ്രാപ്തരാക്കുക.

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പരിസര ശുചിത്വം, ഹരിത ക്യാമ്പസ്സ്, പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്സ്. | വിവിധ ക്ലബ്ബുകളെ സംയോജിപ്പിച്ചു കൊണ്ട് സ്കൂൾ പരിസരം ശുചിയാക്കുക, ചെടികൾ വച്ചു പിടിപ്പിക്കുക. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് ഹരിത കർമ്മ സേനക്ക് കൈമാറുക, ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് പേനകൾ ശേഖരിക്കുക. | | ജൂൺ | |
| 2 | ലാബ് നവീകരണം | നിലവിലുള്ള ലാബ് സാമഗ്രികൾ പട്ടികപ്പെടുത്തി ഇനിയും ആവശ്യമുള്ളവയുടെ ലിസ്റ്റ് തയ്യാറാക്കു. അവ വാങ്ങാനുള്ള നടപടികൾ സ്വീകരിക്കുക. | | ജൂൺ ജൂലായ് ആഗസ്റ്റ് | |
| 3 | വിവിധ പരീക്ഷണങ്ങൾ ചെയ്യാൻ പ്രാപ്തരാക്കുക | പരീക്ഷണ ക്ലാസ്സുകൾ, പട്ടികപ്പെടുത്തലുകൾ എന്നിവ സയൻസ് ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തുന്നു. | | ജൂലായ് | |

| | | | | | |
|---|---|---|---|---|---|
| | | ക്ലാസ് തലത്തിലും അക്കാദമിക വിഷയങ്ങളിൽ ഉൾപ്പെട്ട പരീക്ഷണങ്ങൾ വിദ്യാർത്ഥികൾ ചെയ്തു പരിശീലിക്കുന്നു. | | | |
| 4 | ഔഷധ സസ്യ ഉദ്യാന നിർമ്മാണം. ബയോഡൈവേർസിറ്റി രജിസ്റ്റർ തയ്യാറാക്കൽ | വിവിധ ഔഷധ സസ്യങ്ങളെ അടുത്തറിയാൻ - ഔഷധ സസ്യ ശേഖരണം - പരിപാലനം എന്നിവ - വിവിധ ക്ലബ്ബ് അംഗങ്ങൾ. ബയോഡൈവേർസിറ്റി ക്ലബ്ബ്, ഹരിതസേന തുടങ്ങിയ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ബയോഡൈവേർസിറ്റി രജിസ്റ്റർ തയ്യാറാക്കുന്നു. | | ആഗസ്റ്റ് സെപ്തംബർ ഒക്ടോബർ | |
| 5 | സയൻസ് കോർണർ | വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം ഇവ വളർത്താൻ ഒരു സയൻസ് കോർണർ ഒരുക്കുന്നു. ശാസാത്ര സംബന്ധമായ പുസ്തകങ്ങൾ, വാർത്തകൾ ഇവ ഇവിടെ ഒരുക്കുന്നു. | | ഒക്ടോബർ | |
| 6 | ശാസ്ത്ര സംബന്ധിയായ തൊഴിൽ പരിശീലനം, പഠനോപകരണ നിർമ്മാണം | ശാസ്ത്രീയമായ അറിവുകൾ ഉപയോഗിച്ച് പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. സോപ്പ്, വളം നിർമ്മാണം. | | ഒക്ടോബർ നവംബർ ഡിസംബർ | |
| 7 | പ്രകൃതി പഠനം, നേരറിവ് നേടൽ | കാവ്, ജലാശയങ്ങൾ മുതലായവ ഫീൽഡ് ട്രിപ്പിലൂടെ കൂടുതൽ അടുത്തറിയുന്നു. | | ജനുവരി ഫെബ്രുവരി | |

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

# ഗണിതം

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

## ഗണിതം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രവർത്തന ലക്ഷ്യങ്ങൾ | ചുമതല | ഗുണഭോക്താക്കൾ | കാലയളവ് | പ്രവർത്തനങ്ങൾ | പ്രവർത്തനോപാധികൾ | മൂല്യനിർണ്ണയം | സാമ്പത്തികം |
|---|---|---|---|---|---|---|---|---|---|
| 1 | ഗണിതം മധുരം | ഗണിതത്തിലെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കൽ | ഗണിത അധ്യാപകർ | 5 മുതൽ 10 വരെ | ജൂൺ - ഡിസംബർ | പിന്നോക്ക കുട്ടികളെ കണ്ടെത്തൽ. മൊഡ്യൂൾ നിർമ്മാണം. ഒഴിവു സമയങ്ങളും വൈകുന്നേരങ്ങളും. | ആശയാവതരണം. മൂല്യനിർണ്ണയം ICT പ്രയോജനപ്പെടുത്തൽ തുടർ പരിപാടികൾ | നിരന്തര മൂല്യനിർണ്ണയം. മൂല്യനിർണ്ണയം അടിസ്ഥാനമാക്കിയുള്ള ക്ലാസ്സുകൾ | സ്പോൺസർഷിപ്പ് |
| 2 | ഗിഫ്റ്റഡ് സ്റ്റാർസ് | കുട്ടികളെ ദേശീയ അന്തർദേശീയ പരീക്ഷകളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുക. | ഗണിതം അധ്യാപകർ, റിസോഴ്സ് പേഴ്സൺസ് | 7 ഉം 8ഉം ക്ലാസിലെ ഗണിതത്തിലെ ഗിഫ്റ്റഡ കുട്ടികൾ | അധ്യയന വർഷം | ഗണിതത്തിൽ പ്രത്യേ കം കഴിവുള്ള കുട്ടികളെ കണ്ടെത്തൽ. മൊഡ്യൂൾ നിർമ്മാണം. ഒഴിവു ദിവസങ്ങളിൽ വിദഗ്ദരുടെ സഹായത്തോടെ. | വിദഗ്ദരുടെ ക്ലാസുകൾ ചർച്ചാ ക്ലാസുകൾ സെമിനാറുകൾ ടെലി കോൺഫറൻസ് | മാസാന്ത്യ മൂല്യനിർണ്ണയം. മൂല്യനിർണ്ണയത്തെ അടിസ്ഥാനമാക്കിയുള്ള ക്ലാസുകൾ | സ്പോൺസർഷിപ്പ് |
| 3 | 'ഞാനും നേടും A+' | ഗണിതത്തിൽ പിന്നോക്കരായ വിദ്യാർത്ഥികളെ ഉന്നത വിജയം നേടാൻ പ്രാപ്തരാക്കുക. | എസ് ആർജി, 10-ാം ക്ലാസ് ടീച്ചേഴ്സ് | ഗണിതത്തിൽ പിന്നോക്കരായ വിദ്യാർത്ഥികൾ | അധ്യയന വർഷം മുഴുവൻ | മുൻവർഷങ്ങളിലെ ചോദ്യപേപ്പറുകൾ ശേഖരിച്ച് പരിശീലിപ്പിക്കൽ. | ICT പ്രയോജനപ്പെടുത്തൽ | മാസാന്ത മൂല്യനിർണ്ണയം | സ്പോൺസർഷിപ്പ് |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4 | ഗണിത ലാബ് | ഗണിതം പ്രായോഗികത മനസ്സിലാക്കൽ | ഗണിത അധ്യാപകർ | ഗണിത തൽപരരായ കുട്ടികൾ | വർഷം മുഴുവൻ | ഗണിത ലാബ് സജ്ജമാക്കൽ | ലാബ് ഉപകരണങ്ങൾ | | സ്പോൺസർഷിപ്പ് സർക്കാർ ഫണ്ടുകൾ |
| 5 | ഗണിത ക്ലബ്ബ് | ഗണിതപഠനം ആസ്വാദ്യകരമാക്കൽ | ഗണിത അധ്യാപകർ | ഗണിത തൽപരരായ കുട്ടികൾ | അധ്യയന വർഷം മുഴുവൻ | ക്ലബ്ബ് രൂപീകരണം ഗണിതരൂപങ്ങളുടെ നിർമ്മാണം ജ്യോമെട്രിക്കൽ ചാർട്ട് നിർമ്മാണം പതാക നിർമ്മാണം ഗണിതമരം തയ്യാറാക്കൽ ഗണിത ക്വിസ്സ് | ചർച്ചകൾ ഓഡിയോ, വീഡിയോ പ്രദർശനം ശാസ്ത്രമേള ഗണിതമേള | തുടർ പരിപാടികളുടെ ആസൂത്രണം | സ്പോൺസർഷിപ്പ് |
| 6 | Fibonacci Day (Nov 23) | പ്രകൃതി സൗന്ദര്യവും ഗണിതവും തമ്മിലുള്ള ബന്ധം മനസ്സിലാക്കൽ | ഗണിത അധ്യാപകർ | മുഴുവൻ കുട്ടികളും | നവംബർ | സെമിനാർ ക്വിസ്സ് (Daily) നവംബർ 1 മുതൽ 23 വരെ. | ആശയ അവതരണം ICT സെമിനാറുകൾ | | |

## അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

# കായിക ആരോഗ്യ വിദ്യാഭ്യാസം

## അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

## കായിക ആരോഗ്യ വിദ്യഭ്യാസം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രവർത്തന ലക്ഷ്യങ്ങൾ | ചുമതല | ഗുണഭോക്താക്കൾ | പ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| 1 | നമ്മുടെ ആരോഗ്യം | യോഗിയിലൂടെ ശാരീരിക മാനസിക ആരോഗ്യ സംരക്ഷണം | അധ്യാപകർ NCC | 5 മുതൽ 10 വരെ | യോഗദിനത്തോടനുബന്ധിച്ച് ജൂൺ മാസത്തിൽ തുടങ്ങുന്ന യോഗക്ലാസുകൾ. |
| 2 | കിക്ക് ഓഫ് 2K24 | ഫുട്ബോൾ മത്സരങ്ങൾക്ക് കഴിവുള്ള കുട്ടികളെ വളർത്തിയെടുക്കുക. | അധ്യാപകർ PTA OSA | 5 മുതൽ 10 വരെ | ഫുടബോൾ കളിയിലെ അടിസ്ഥാന പാഠങ്ങൾ ഇൻസ്ട്രക്ടറുടെ നേതൃത്വത്തിൽ പരിശീലനം കൊടുക്കുന്നു. |
| 3 | GKVHSS, Red riders റൈഡ് 2K24 | കബഡി മത്സരങ്ങൾക്ക് കഴിവുള്ള കുട്ടികളെ കണ്ടെത്തി മത്സരങ്ങൾക്ക് തയ്യാറാക്കുന്നു. | അധ്യാപകർ OSA | 5 മുതൽ 10 വരെ | കബഡിയുടെ അടിസ്ഥാന പാഠങ്ങൾക്കും, വ്യായാമത്തിനും പരിശീലനം നൽകുന്നു. |
| 4 | GKVHSS, Fire balls 2K24 | ക്രിക്കറ്റ് മത്സരങ്ങൾക്ക് കഴിവുള്ള കുട്ടികളെ | അധ്യാപകർ OSA | 5 മുതൽ 10 വരെ | സബ്ജില്ലാ തലത്തിലേക്ക് കുട്ടികളെ |

| | | | | | |
|---|---|---|---|---|---|
| | | കണ്ടെത്തി മത്സര ങ്ങൾക്ക് തയ്യാറാ ക്കുന്നു. | | | മത്സരിക്കാ നുള്ള പരിശീ ലനം നൽകുന്നു. |
| 5 | Crew Bishops 2K24 | വിദ്യാർത്ഥികളുടെ ഭൗതിക നിലവാരം ഉയർത്തുന്നതിന് ചെസ്സ് പരിശീലനം | അധ്യാപകർ OSA | 5 മുതൽ 10 വരെ | ചെസ്സിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു. |

## അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

## അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

**മേഖല : അക്കാദമികം**

**പ്രധാന ലക്ഷ്യങ്ങൾ**

- തൊഴിൽ വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക, ജിജ്ഞാസ ഉത്തേജിപ്പിക്കുക, അക്കാദമിക് പഠനത്തെ ജീവിത നൈപുണ്യങ്ങൾ, കരിയർ, പ്രാദേശിക ഉപജീവന മാർഗ്ഗം എന്നിവയുമായി ബന്ധിപ്പിക്കാൻ പ്രേരിപ്പിക്കുക.

| ക്രമ നമ്പർ | മേഖല | പ്രവർത്തന ലക്ഷ്യം | കാലയളവ് | പ്രവർത്തനം | ചുമതല | സാമ്പത്തിക |
|---|---|---|---|---|---|---|
| 1 | കൃഷി | സ്വയം തൊഴിൽ, ഉൽപാദന, വിപണന സാധ്യതകൾ മനസ്സിലാക്കൽ | ജൂൺ | ചർച്ചകൾ, പൂകൃഷി തൈ നടൽ പരിപാലനം വർക്കി ഡയറി | വിദ്യാർത്ഥികൾ, WIE ടീച്ചർ ECO-Club പ്രവർത്തകർ | പിടിഎ ഗവൺമെന്റ് ഫണ്ട് |
| 2 | സ്വയം അവബോധം | സ്വയം തിരിച്ചറിവ്, ലക്ഷ്യങ്ങൾ, പരിമിതികൾ തിരിച്ചറിയൽ | ജൂൺ | മി-ചാർട്ട് ചെക്ക് ലിസ്റ്റ് വർക്ക് ഡയറി | വിദ്യാർത്ഥികൾ, WIE ടീച്ചർ ECO-Club പ്രവർത്തകർ | ഗവൺമെന്റ് ഫണ്ട് |
| 3 | തുള്ളിനന | പ്ലമിംഗിന് ആവശ്യമായ സാധനസാമഗ്രികൾ തിരിച്ചറിയൽ, അളവെടുപ്പ് രീതികൾ, Drip irrigation മാതൃക നിർമ്മിക്കൽ പ്രയോജനം മനസ്സിലാക്കൽ | ജൂൺ | ഡ്രിപ്പ് ഇറിഗേഷൻ മാതൃക നിർമ്മിക്കൽ, വർക്ക് ഡയറി തയ്യാറാക്കൽ | വിദ്യാർത്ഥികൾ, WIE-ടീച്ചർ ECO-Club പ്രവർത്തകർ | പിടിഎ ഗവൺമെന്റ് ഫണ്ട് |
| 4 | ലഹരി വിരുദ്ധ പോസ്റ്റർ നിർമ്മാണം | ലഹരിയെ കുറിച്ചുള്ള അവബോധം വളർത്തുക | ജൂൺ | പോസ്റ്റർ നിർമ്മാണം | വിദ്യാർത്ഥികൾ WE-ക്ലബ് WIE-അധ്യാപിക | സ്കൂൾ പ്രവർത്തന ഫണ്ട് |

| | | | | | | |
|---|---|---|---|---|---|---|
| 5 | പ്രതിരോധവും മുന്നേറ്റവും | പ്രതിസന്ധികൾ തരണം ചെയ്ത് മുന്നേറാനുള്ള പരിശ്രമം | ജൂലായ് | വിവിധ മേഖലകളിൽ വിജയിച്ച വരുമായി അഭിമുഖം, ചർച്ച വർക്ക് ഡയറി | വിദ്യാർത്ഥികൾ, WIE അധ്യാപിക WE ക്ലബ് പി. ടി. എ | പിടിഎ |
| 6 | ഡോക്യുമെന്റേഷൻ | വിവരങ്ങൾ, ചിത്രങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള കഴിവ് | ജൂലായ് | ഓഡിയോ, വീഡിയോ, എഴുത്ത് ഡോക്യുമെന്റേഷൻ അവതരണം വർക്ക് ഡയറി | വിദ്യാർത്ഥികൾ WIE ടീച്ചർ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ | ഗവൺമെന്റ് ഫണ്ട് |
| 7 | പ്രിന്റിങ് ആൻഡ് സ്റ്റേഷനറി, ബുക്ക് നിർമ്മാണം | വിവിധ ബൈൻഡിങ് രീതികൾ പരിചയപ്പെടൽ, നിർമ്മാണ സാമഗ്രികൾ തിരിച്ചറിയൽ | ആഗസ്റ്റ് | വിവിധതരം ബുക്കുകൾ നിർമ്മിക്കൽ വർക്ക് ഡയറി തയ്യാറാക്കൽ | വിദ്യാർത്ഥികൾ WIE അധ്യാപിക | പിടിഎ ഗവൺമെന്റ് ഫണ്ട് |
| 8 | ദേശീയ പതാക നിർമ്മാണം, സഡാക്കോ കൊക്ക് നിർമ്മാണം | ചരിത്രബോധം വളർത്തൽ | ആഗസ്റ്റ് | പതാക നിർമ്മാണം, കൊക്ക് നിർമ്മാണം പ്രദർശനം വർക്ക് ഡയറി | വിദ്യാർത്ഥികൾ സോഷ്യൽ സയൻസ് ക്ലബ് അംഗങ്ങൾ WIE അധ്യാപിക | പിടിഎ ഗവൺമെന്റ് ഫണ്ട |
| 9 | സാമൂഹ്യ മര്യാദകൾ | പൊതുസമൂഹത്തിൽ പാലിക്കേണ്ട മര്യാദകൾ തിരിച്ചറിയൽ, സ്വയം ഒരുങ്ങൽ (self grooming) നേട്ടങ്ങൾ മനസ്സിലാക്കൽ | ആഗസ്റ്റ് | റോൾപ്ലേ പാനൽ ചർച്ചകൾ വർക്ക് ഡയറി ചെക്ക് ലിസ്റ്റ് തയ്യാറാക്കൽ | വിദ്യാർത്ഥികൾ WIE- ടീച്ചർ NCC സംഘടന | ഗവൺമെന്റ് ഫണ്ട |
| 10 | മാലിന്യ സംസ്കരണം | മാലിന്യങ്ങൾ തിരിച്ചറിയൽ, തരംതിരിക്കൽ, പുനരുപയോഗ സാധ്യത മനസ്സിലാക്കൽ, മാലിന്യം | സെപ് തംബർ | ജൈവ – അജൈവ മാലിന്യങ്ങൾ തരംതിരിക്കൽ ജൈവവള നിർമ്മാണം വർക്ക് ഡയറി | വിദ്യാർത്ഥികൾ ECO-Club പ്രവർത്തകർ WIE ടീച്ചർ സയൻസ് അധ്യാപകർ രക്ഷിതാക്കൾ | പിടിഎ ഗവൺമെന്റ് ഫണ്ട |

| | | | | | | |
|---|---|---|---|---|---|---|
| | | സൃഷ്ടിക്കുകയില്ല ഒഴിവാക്കുകയാണ് വേണ്ടത് എന്ന ബോധ്യപ്പെടൽ | | | | |
| 11 | വൈകാരിക സുസ്ഥിതി | വികാരങ്ങളെ നിയന്ത്രിക്കാനുള്ള കഴിവ് നേടുക, സൗഹൃദങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുക | സെപ്തംബർ | വ്യത്യസ്ത വികാരങ്ങ ളും പ്രതികരണങ്ങളും എഴുതി തയ്യാറാക്കൽ, യാത്രാനുഭവ വിവരണം, പ്രശ്നപരിഹാര സഹായം തേടൽ | വിദ്യാർഥികൾ WIE ടീച്ചർ രക്ഷിതാക്കൾ | പിടിഎ |
| 12 | ആശംസ കാർഡ് നിർമ്മാണം | കുട്ടികൾക്ക് പഴയകാല തപാൽ മാർഗ്ഗങ്ങൾ പരിചയപ്പെടുത്തൽ, സ്വർഗ്ഗശേഷി വികസനം | ഒക്ടോബർ | ആശംസ കാർഡ്, കവർ നിർമ്മാണം ഡിസൈനിംഗ് | വിദ്യാർത്ഥികൾ സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് അംഗങ്ങൾ WIE അധ്യാപിക | പിടിഎ ഗവൺമെന്റ് ഫണ്ട് |
| 13 | പോഷക സമൃദ്ധമായ ഭക്ഷ്യ പ്രദർശനമേള | പോഷക ആഹാര പ്രാധാന്യം മനസ്സിലാക്കൽ | ഒക്ടോബർ | പോഷക ആഹാര നിർമ്മാണം പ്രദർശനം, ചർച്ചകൾ, അഭിനയം, വർക്ക് ഡയറി | ചിത്രരചന അധ്യാപകർ വിദ്യാർത്ഥികൾ രക്ഷിതാക്കൾ അധ്യാപകർ | പിടിഎ രക്ഷിതാക്കൾ |
| 14 | സാമൂഹിക സുസ്ഥിതി | ദൃഢമായ വ്യക്തിബന്ധം ഉണ്ടാക്കുക, ആശയവിനിമയ ശേഷിയുടെ പ്രാധാന്യം | ഒക്ടോബർ | വാൾ ഹാങ്ങിങ് നിർമ്മാണം, നെഹ്റു തൊപ്പി, ക്രിസ്മസ് സ്റ്റാർ നിർമ്മാണം, വർക്ക് ഡയറി | വിദ്യാർഥികൾ രക്ഷിതാക്കൾ WIE- അധ്യാപിക | പിടിഎ |
| 15 | കരകൗശല വസ്തു നിർമ്മാണം | സർഗ്ഗശേഷി വളർത്തൽ, അളവെടുക്കൽ കൃത്യത | നവംബർ | ചെടികൾ വെച്ചുപിടിപ്പിക്കൽ , ചർച്ച, പ്രതിദിന വിലയിരുത്തൽ, ജേർണൽ, വർക്ക് ഡയറി | വിദ്യാർത്ഥികൾ WE- ക്ലബ് WIE- അധ്യാപിക | ഗവൺമെന്റ് ഫണ്ട് |

| | | | | | | |
|---|---|---|---|---|---|---|
| 16 | പാരിസ്ഥിതിക സുസ്ഥിതി | പ്രകൃതി സംരക്ഷണം, മാനസിക ഉല്ലാസം | ഡിസംബർ | ഫയൽ നിർമ്മാണം, വർക്ക് ഡയറി | വിദ്യാർത്ഥികൾ രക്ഷിതാക്കൾ വിവിധ ക്ലബ്ബുകൾ WIE അധ്യാപിക | ഗവൺമെന്റ് ഫണ്ട് |
| 17 | ഫയൽ നിർമ്മാണം | വിവിധ വസ്തുക്കൾ തിരിച്ചറിയൽ, അളവെടുപ്പിലെ കൃത്യത | ഡിസംബർ | രൂപരേഖ വരക്കൽ, കളറിംഗ്, പാറ്റേണുകൾ തയ്യാറാക്കൽ | വിദ്യാർത്ഥികൾ WIE, കണക്ക് അധ്യാപകർ | പിടിഎ |
| 18 | വസ്ത്ര നിർമ്മാണം | വിവിധതരം വസ്ത്രങ്ങൾ തിരിച്ചറിയൽ, രൂപരേഖ വരച്ചു പടിക്കൽ, ഡിസൈനിംഗ് മനസ്സിലാക്കൽ | ജനുവരി | വ്യത്യസ്ത പ്രിന്റിംഗ് രീതികൾ, ചിത്രങ്ങൾ ശേഖരിക്കൽ, ഡിസൈനിംഗ്, നോട്ടീസ് തയ്യാറാക്കൽ | വിദ്യാർത്ഥികൾ WIE- അധ്യാപകർ ഡിസൈനിംഗ് മേഖലയിലെ പ്രമുഖർ | പിടിഎ ഗവൺമെന്റ് ഫണ്ട് |
| 19 | പ്രിന്റിംഗ് | വിവിധതരം പ്രിന്റിംഗ് രീതികൾ മനസ്സിലാക്കൽ, നോട്ടീസ് തയ്യാറാക്കൽ, വിവിധതരം പേപ്പറുകൾ തിരിച്ചറിയൽ | ജനുവരി | ആക്സെസ്സറീസ് ശേഖരണം, വിവിധ സ്റ്റൈൽ വസ്ത്രങ്ങൾ ചാർട്ട് ചെയ്യൽ, | വിദ്യാർത്ഥികൾ WIE അധ്യാപിക ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചിത്രരചന | ഗവൺമെന്റ് ഫണ്ട് |
| 20 | വസ്ത്ര നിർമ്മാണം, പ്രിന്റിംഗ്, തുടർച്ച | വിവിധതരം ആക്സെസ്സറീസ്, സ്റ്റൈൽ ഫാഷൻ, മുന്നോട്ടുള്ള വഴികൾ മനസ്സിലാക്കൽ, പ്രിന്റിംഗ് രീതികളിലെ വ്യത്യസ്തത തിരിച്ചറിയൽ, സാധ്യതകൾ മനസ്സിലാക്കൽ, തൊഴിലവസരങ്ങൾ മനസ്സിലാക്കൽ | ഫെബ്രുവരി | ഡയിംഗ് പ്രക്രിയ ഉപരിപഠന സാധ്യത അച്ചുകൾ ഉപയോഗിച്ച് പ്രിന്റിംഗ് സ്ക്രീൻ പ്രിന്റിംഗ് ബൈൻഡിങ്ങ് രീതികൾ, പാക്കേജിംഗ്, പ്രിന്റിംഗ് സ്ഥല സന്ദർശനം | വിദ്യാർത്ഥികൾ WIE അധ്യാപിക വസ്ത്ര നിർമ്മാണ രംഗത്തെ പ്രമുഖർ ICT അധ്യാപകർ | പിടിഎ ഗവൺമെന്റ് ഫണ്ട് |

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

# കലാ വിദ്യാഭ്യാസം

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

## കലാ വിദ്യാഭ്യാസം

ഒരു വ്യക്തിയുടെ സാമൂഹിക വികസനത്തിന് കലാ വിദ്യാഭ്യാസത്തിന് അതുല്യമായ സ്ഥാനം ഉണ്ട്. കുട്ടികളുടെ വൈകാരികവും, മാനസികവും, സാമൂഹികവുമായ വികാസത്തിന് ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിന് കലാ വിദ്യാഭ്യാസം അവസരം ഒരുക്കുന്നു.

കലാവിദ്യാഭ്യാസം കുട്ടികളിൽ സൃഷ്ടിപരമായ വളർച്ചയ്ക്ക് അവസരം നൽകുന്നു.

| ക്രമ നമ്പർ | പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പങ്കാളിത്തം |
|---|---|---|---|---|
| 1 | ഇന്ത്യയിലെ തനത് ചിത്രരചനാ ശൈലികളെ പരിചയപ്പെടുത്തുന്നു. | വൾലി ചിത്രപ്രദർശനം | ജൂൺ | ക്ലാസ്സ് 9 |
| 2 | വിവിധ നിറങ്ങളും അവയുടെ മിശ്രണവും മനസ്സിലാക്കൽ | കുട്ടികൾ അവർക്ക് ഇഷ്ടമുള്ള ചിത്രങ്ങൾ വരച്ച് നിറങ്ങൾ നൽകി പ്രദർശിപ്പിക്കുന്നു. | ജൂലൈ | ക്ലാസ്സ് 8 |
| 3 | പ്രകൃതിയുടെ സസൂക്ഷ്മ നിരീക്ഷണം. വ്യത്യസ്ത സംഗീത രീതികളും കലാകാരന്മാരേയും പരിചയപ്പെടൽ | വ്യത്യസ്ത സംഗീത രീതികൾ അവതരിപ്പിക്കൽ. കലാകാരന്മാരുടെ സ്ലൈഡ് പ്രസന്റേഷൻ. | ആഗസ്റ്റ് | ക്ലാസ്സ് 8, 9. 10 |
| 4 | വിവിധ സംസ്ഥാനങ്ങളിലെ വേഷം, സംസ്കാരം എന്നിവ മനസ്സിലാക്കി ചിത്രങ്ങളുടെ ശേഖരണം. പ്രശസ്ത ഇന്ത്യൻ കലാ വ്യക്തിത്വങ്ങളെ പരിചയപ്പെടൽ | ചിത്രങ്ങളുടെ പ്രദർശനം. ഗാന്ധിജയന്തി, രാജാരവി വർമ്മ സ്മൃതി ദിനം. ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളുടെ ചിത്രപ്രദർശനം. രാജാരവിവർമ്മ ചിത്രപ്രദർശനം. | സെപ്തംബർ ഒക്ടോബർ നവംബർ | ക്ലാസ്സ് 8, 9, 10 |
| 5 | സൗന്ദര്യാത്മകമായും, താളാത്മകമായും വിവിധ രീതിയിലുള്ള എഴുത്തുകൾ | കാലിഗ്രഫി Workshop | നവംബർ ഡിസംബർ ജനുവരി | ക്ലാസ്സ് 8,9,10 |

| | | | | |
|---|---|---|---|---|
| | പരിശീലിക്കൽ. വസ്ത്രങ്ങളിൽ വിവിധ ഡിസൈനിംഗിൽ നിറങ്ങൾ മുക്കൽ. അഭിനയത്തിന്റെ വിവിധ മേഖലകൾ മനസ്സി ലാക്കൽ. | Dying workshop<br>Acting workshop | ഫെബ്രുവരി | |
| 6 | ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന തിനും മറ്റു കലാപ്രവർത്തി കൾ അവതരിപ്പിക്കുന്ന തിനും ഗാലറി ഒരുക്കൽ | | വികസന സമിതി പി.ടി.എ | 2 വർഷം |

# സ്കൂൾ തനതുപ്രവർത്തനം

## വായനോത്സവം

കുട്ടികളിൽ വായന പോഷിപ്പിക്കാനും മൊബൈൽഫോൺ താല്പര്യം കുറക്കാനും ഈ അവധിക്കാലത്ത് സ്കൂൾ ലൈബ്രറിയിൽ നിന്ന് പരമാവധി പുസ്തകങ്ങൾ നൽകി. അതിന്റെ വായനാകുറിപ്പ് തയ്യാറാക്കാൻ നോട്ട്പുസ്തകങ്ങൾ നൽകി. ഈ പരിപാടിയുടെ ഉദ്ഘാടനം സ്കൂൾ ഹെഡ്മിസ്ട്രസ്സ് ലാലി ടീച്ചർ നിർവ്വഹിച്ചു. വായനയുടെ മഹത്വം മലയാളം അധ്യാപകൻ ഗിരീഷ് മാസ്റ്റർ, സാമൂഹ്യശാസ്ത്രം അധ്യാപകൻ ഹനീഫ മാസ്റ്റർ, ലൈബ്രറി ചാർജ്ജുള്ള താഹിറ ടീച്ചർ എന്നിവർ വിശദീകരിച്ചു. സാറ്റാഫ് സെക്രട്ടറി വാഹിദ് മാസ്റ്റർ നന്ദി പറഞ്ഞു. ഈ പരിപാടി ഏറെക്കുറെ വിജയകരമായി നടന്നു. അവധിക്കാലം പരമാവധി പുസ്തകം കുട്ടികൾക്കു നൽകാനും അതുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് വായനാകുറിപ്പ്, പുസ്തക ആസ്വാദനം എന്നീ മത്സരങ്ങൾ സംഘടിപ്പിക്കാനും കഴിഞ്ഞു.

**************